## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: * 740 03/11/2011-ൽ മറുപടിക്ക്.

### ക്ഷേമനിധി ബോർഡുകൾ സ്വയംപര്യാപ്തമാക്കുന്നതിനുള്ള പദ്ധതികൾ

**ചോദ്യം**

ശ്രീ. ആർ. സെൽവരാജ്
,, എം. ചന്ദ്രൻ
,, കെ. രാധാകൃഷ്ണൻ
,, പി. റ്റി. എ. റഹീം

**മറുപടി**

ശ്രീ. ഷിബു ബേബി ജോൺ
(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി)

(എ) ഈ സർക്കാർ തൊഴിലാളിക്ഷേമം മുൻനിർത്തി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി എന്തെങ്കിലും നിയമനിർമ്മാണം ഉദ്ദേശിക്കുന്നുണ്ടോ;

(എ) ഉണ്ട്. സംസ്ഥാനത്തെ ക്ഷേമനിധികളിൽ അംഗങ്ങളായിട്ടുള്ള എല്ലാപേർക്കും ബയോമെട്രിക്ക് കാർഡ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അംഗങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ ഡിജിറ്റലൈസ് ചെയ്ത് വരികയാണ്. ക്ഷേമനിധി ബോർഡുകളിലെ ദ്വയാംഗത്വം കണ്ടെത്തുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കെൽട്രോൺ സഹായത്തോടെ ഒരു സോഫ്റ്റ് വെയർ ഡെവലപ്പ് ചെയ്ത് വരികയാണ്. ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങൾക്ക് ക്രെഡിറ്റ് സ്ലിപ്പ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ ക്ഷേമനിധി ബോർഡുകളിലെ കമ്പ്യൂട്ടർവത്ക്കരണം പൂർണ്ണമാകുന്നതോടുകൂടി പെൻഷൻ വിതരണവും മറ്റ് ആനുകൂല്യങ്ങളും ബാങ്ക് വഴി ആക്കുവാനും തൊഴിലുടമകൾക്ക് അംശദായവും മറ്റും ഈഫയലിംഗ് വഴി നടത്തുവാൻ കഴിയുന്നതും ഇടപാടുകളിൽ കൂടുതൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കാൻ കഴിയുന്നതുമാണ്. എല്ലാ ക്ഷേമപെൻഷനുകളുടെയും മിനിമം തുക 400/- രൂപയായി ഉയർത്തിയിട്ടുണ്ട്.

തൊഴിൽ വകുപ്പിന് കീഴിൽ വരുന്ന എല്ലാ ക്ഷേമനിധി ബോർഡുകളും കാര്യക്ഷമമാക്കി തൊഴിലാളി ക്ഷേമം ഉറപ്പുവരുത്തുന്നതിനായി വിവിധ നിർദ്ദേശങ്ങളടങ്ങിയ ശ്രീനിവാസൻ കമ്മിറ്റി റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) പുതുതായി ക്ഷേമനിധി ബോർഡുകൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ല.

(സി) തൊഴിൽ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള തൊഴിലാളി ക്ഷേമനിധികളിൽ സാമ്പത്തിക പ്രയാസം നേരിടുന്നവ ഏതൊക്കെയാണ്;

(സി) സംസ്ഥാനത്ത് നിലവിലുള്ള 15 ക്ഷേമനിധി ബോർഡുകളിൽ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്, കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ആഭരണത്തൊഴിലാളി ക്ഷേമനിധി ബോർഡ്, ബാർബർ ബ്യൂട്ടീഷ്യൻ ക്ഷേമപദ്ധതി, അലക്ക് തൊഴിലാളി ക്ഷേമ പദ്ധതി എന്നിവയാണ് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവ.

(ഡി) ഇവയെ സ്വയംപര്യാപ്തമാക്കുന്നതിനുള്ള പദ്ധതികൾ എന്താണ് എന്നും ഇവ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ?

(ഡി) ക്ഷേമനിധി ബോർഡുകളിലെ പ്രധാന വരുമാന ശ്രോതസ്സായ അംശദായത്തിന്റെ തോത് ഉയർത്തുവാനും സെസ്സ് ബാധകമായിട്ടുള്ള ബോർഡുകളിലെ നിലവിലുള്ള സെസ്സ് പിരിവ് ഊർജ്ജിതപ്പെടുത്തി സാമ്പത്തിക പിന്നോക്കാവസ്ഥ ലഘൂകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് മാർഗ്ഗരേഖ തയ്യാറാക്കുന്നതിനായുള്ള ശ്രീനിവാസൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ